**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട നിയമസഭാചോദ്യം നം. 271 — 19/07/2016-ൽ മറുപടിയ്ക്ക്

**അഗ്രോ ബസാറുകൾ**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ.രാജൻ<br>ശ്രീ. സി.ദിവാകരൻ<br>ശ്രീ.ഇ.ടി.ടൈസൺ മാസ്റ്റർ<br>ശ്രീമതി. ഗീതാ ഗോപി | ശ്രീ. വി.എസ്.സുനിൽകുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് അഗ്രോ ബസാറുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാമെന്ന് വെളിപ്പെടുത്താമോ; | എ) ഉണ്ട്. ആദ്യഘട്ടമെന്ന നിലയിൽ തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിലാണ് അഗ്രോ ബസാറുകൾ തുടങ്ങുവാൻ തീരുമാനിച്ചിട്ടുള്ളത്. ഘട്ടം ഘട്ടമായി എല്ലാ ജില്ലകളിലേക്കും അഗ്രോബസാറുകൾ വ്യാപിപ്പിക്കുവാൻ ആണ് സർക്കാർ ലക്ഷ്യമിടുന്നത്. |
| ബി) അഗ്രോ ബസാറുകളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | ബി) സർക്കാർ ഫാമുകൾ, കാർഷിക സർവ്വകലാശാല, വെറ്ററിനറി സർവ്വകലാശാല , കേന്ദ്ര -സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഉൽപാദിപ്പിക്കുന്ന ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ, മൂല്യവർദ്ധിത ഉൽപന്നങ്ങൾ, കാർഷികോപകരണങ്ങൾ, ജൈവ കീടനാശിനികൾ,, ജൈവവളങ്ങൾ തുടങ്ങിയവ ന്യായമായ വിലയ്ക്ക് കർഷകർക്ക് ഒരു കുടക്കീഴിൽ ലഭ്യമാക്കുക എന്നതാണ് അഗ്രോ ബസാറുകൾ കൊണ്ട് ഉദ്ദേശിക്കുന്നത്. |
| സി) ഈ ബസാറുകളിലൂടെ ഏതെല്ലാം ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | സി) ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ, വിത്തുകൾ, നാളികേര ഉൽപന്നങ്ങളായ വെളിച്ചെണ്ണ, തേങ്ങാപ്പൊടി തുടങ്ങിയവ, |

കുട്ടനാട് അരി, പൊക്കാളി അരി, അരിയുടെ മൂല്യവർദ്ധിത ഉൽപന്നങ്ങൾ, കശുവണ്ടിയും മൂല്യവർദ്ധിത ഉല്പന്നങ്ങളും ഗുണമേന്മയുള്ള പഴം, പച്ചക്കറിയും അവയുടെ മൂല്യവർദ്ധിത ഉൽപന്നങ്ങളും , ജൈവപച്ചക്കറികൾ, സർട്ടിഫൈഡ് പച്ചക്കറികൾ, തേൻ, കാർഷികോപകരണങ്ങൾ, ജൈവവളങ്ങൾ, ജൈവ കീടനാശിനികൾ തുടങ്ങിയ ഉൽപന്നങ്ങളാണ് ന്യായമായ വിലക്ക് ഉപഭോക്താക്കൾക്ക് അഗ്രോ ബസാറുകൾ വഴി വിറ്റഴിക്കാൻ ഉദ്ദേശിക്കുന്നത്.

ഡി) ഏതെല്ലാം വനോല്പന്നങ്ങൾ അഗ്രോബസാറിലൂടെ ലഭ്യമാക്കാനുദ്ദേശിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഡി) വനം വകുപ്പിന്റെ കീഴിൽ ലഭ്യമായ നടീൽ വസ്തുക്കൾ, കാട്ടുതേൻ,മുളയരി, കൂവപ്പൊടി, കാട്ടുനാരങ്ങപ്പട്ട, മറയൂർ ശർക്കര തുടങ്ങിയ ഭക്ഷ്യോൽപന്നങ്ങൾ , കുന്തിരിക്കം, മുളയുൽപ്പന്നങ്ങൾ തുടങ്ങിയ മറ്റ് ഉല്പന്നങ്ങൾ എന്നിവ അഗ്രോ ബസാറുകളിലൂടെ ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നു.

സെക്ഷൻ ഓഫീസർ